പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.850 11-06-2014 - ൽ മറുപടിയ്ക്ക്

## പാറക്കടവിലും തിരുവേഗപ്പുരയിലും തടയണ നിർമ്മാണം

| ചോദ്യം<br>ശ്രീ.സി.പി.മുഹമ്മദ് | മറുപടി<br>ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) പട്ടാമ്പി മണ്ഡലത്തിലെ വിളയൂരിൽ കുന്തിപ്പുഴയ്ക്കു കുറുകെ പാറക്കട വിലും തിരുവേഗപ്പുരയിലും തടയണ കൾ നിർമ്മിക്കുന്ന കാര്യം പരിഗണ നയിലുണ്ടോ; എങ്കിൽ ഈ പദ്ധതി കൾ ഉടൻ നടപ്പിൽ വരുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ;<br>(ബി) ഓരോ പദ്ധതിക്കും തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് അടങ്കൽ തുക എത്രയാണ് എന്ന് അറിയി ക്കുമോ? | (എ) & (ബി) ഉണ്ട്. പാറക്കടവിൽ തടയണ നിർമ്മിക്കുന്നതിനായുള്ള പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സി.പി.ഡബ്ല്യൂ.ഡി നിരക്ക് പ്രകാരം വകുപ്പ് തലത്തിൽ തയ്യാറാക്കിവരുന്നു. തിരുവേഗപ്പുരയിൽ തടയണ നിർമ്മിക്കുന്നതിനുള്ള പര്യവേഷണ പ്രവൃത്തിക്ക് 6.9 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 2013-14 സാമ്പത്തിക വർഷത്തിൽ ഫണ്ടിന്റെ അഭാവത്തിൽ അനുമതി നൽകിയില്ല. സി.പി.ഡബ്ല്യൂ.ഡി റേറ്റ് നിലവിൽ വന്നതിനാൽ പര്യവേഷണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു. പര്യവേഷണ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ ലഭിച്ചാൽ മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.